**മധുരമായ കുട്ടികളേ - നിങ്ങൾ ഇപ്പോൾ പൂജാരിയിൽ നിന്നും പൂജ്യരായി മാറിക്കൊണ്ടിരിക്കുകയാണ്, പൂജ്യനായ ബാബ നിങ്ങളെ തനിക്കുസമാനം പൂജ്യനാക്കി മാറ്റുവാൻ വന്നിരിക്കുകയാണ്.**

**ചോദ്യം:-** നിങ്ങൾ കുട്ടികളുടെയുള്ളിൽ ഏതൊരു ദൃഢവിശ്വാസമാണ് ഉള്ളത്?
**ഉത്തരം:-** നിങ്ങളിൽ ദൃഢവിശ്വാസമുണ്ട്, അതായത് നമ്മൾ ജീവിച്ചിരിക്കെ ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടുക തന്നെ ചെയ്യും. ബാബയുടെ ഓർമ്മയിൽ ഈ പഴയ ശരീരം ഉപേക്ഷിച്ച് ബാബയുടെ കൂടെപ്പോകും. ബാബ നമുക്ക് വീട്ടിലേക്കുള്ള സഹജമായ വഴി പറഞ്ഞു തരുന്നു.

**ഗീതം:-** ഓം നമ: ശിവായ....

**ഓം ശാന്തി.** ഓം ശാന്തി. ഓം ശാന്തി എന്ന് ധാരാളം മനുഷ്യർ പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്. കുട്ടികളും പറയുന്നു, ഓം ശാന്തി. ഉള്ളിൽ ഇരിക്കുന്ന ആത്മാവാണ് ഓം ശാന്തി എന്നു പറയുന്നത്. എന്നാൽ ആത്മാവിന് യഥാർത്ഥരീതിയിൽ തന്നേയോ, ബാബയേയോ അറിയുകയില്ല. തീർച്ചയായും വിളിക്കുന്നുണ്ട് എന്നാൽ ബാബയും(ബ്രഹ്മാബാബ)പറയുന്നു, ഞാൻ എന്താണോ, എങ്ങനെയാണോ അത് യഥാർത്ഥ രീതിയിൽ എനിക്കും അറിയില്ലായിരുന്നു. നിങ്ങൾക്ക് സ്വയം നിങ്ങളെത്തന്നെ ഞാൻ ആരാണ്, എവിടെ നിന്നും വന്നതാണ് എന്ന് അറിയില്ലായിരുന്നു. ആത്മാവ് പുരുഷനല്ലേ. ആൺകുട്ടിയാണ്. പിതാവാണ് പരമാത്മാവ്. അതിനാൽ ആത്മാക്കൾ പരസ്പരം സഹോദരങ്ങളാണ്. പിന്നീട് ശരീരത്തിൽ വരുമ്പോൾ ചിലരെ സ്ത്രീയെന്നും ചിലരെ പുരുഷനെന്നും പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ ആത്മാവ് എന്താണ്, ഇത് ഒരു മനുഷ്യനും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ ജ്ഞാനം ലഭിക്കുന്നു പിന്നീട് നിങ്ങൾ ഇത് കൂടെക്കൊണ്ടുപോകും. അവിടെ ഈ ജ്ഞാനം ഉണ്ടാകും, നമ്മൾ ആത്മാക്കളാണ് ഈ പഴയ ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. ആത്മാവ് തന്നെയാണ് തിരിച്ചറിവ് കൂടെക്കൊണ്ടുപോകുന്നത്. ആദ്യം ആത്മാവിനെപ്പോലും അറിയില്ലായിരുന്നു. നമ്മൾ എപ്പോൾ മുതലാണ് പാർട്ട് അഭിനയിക്കാൻ തുടങ്ങിയത് എന്നൊന്നും അറിയില്ലായിരുന്നു. ചിലർ ഇപ്പോഴും പൂർണ്ണമായി തിരിച്ചറിഞ്ഞിട്ടില്ല. സ്ഥൂലരൂപത്തിൽ അറിയാം, അതിനാൽ സ്ഥൂലത്തിൽ ലിംഗരൂപത്തിൽ ഓർമ്മിക്കുന്നു. ഞാൻ ആത്മാവ് ബിന്ദുവാണ്. ബാബയും ബിന്ദുവാണ്, ആ രൂപത്തിൽ ഓർമ്മിക്കണം എന്ന് കരുതുന്നവർ കുറവാണ്. ബുദ്ധി നമ്പർവൈസാണല്ലോ . ചിലരാണെങ്കിൽ നല്ലരീതിയിൽ മനസ്സിലാക്കി, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ മുഴുകും. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ എന്നിട്ട് ബാബയെ ഓർമ്മിക്കൂ.... ബാബ തന്നെയാണ് പതിത പാവനൻ. മനുഷ്യർക്ക് ആത്മാവിന്റെയും പരിചയമില്ല അതിനാൽ ആദ്യം ആതും മനസ്സിലാക്കിക്കൊടുക്കേണ്ടിവരും. എപ്പോൾ സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യുന്നുവോ അപ്പോഴേ ബാബയെ അറിയാൻ കഴിയൂ. ആത്മാവിനെ പൂർണ്ണമായി തിരിച്ചറിയുന്നില്ല അതിനാൽ ബാബയേയും അറിയാൻ കഴിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, നമ്മൾ ആത്മാക്കൾ ബിന്ദുവാണ്. ഇത്രയും ചെറിയ ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്, ഇതും നിങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. ഇല്ലെങ്കിൽ പറയും ജ്ഞാനം വളരെ നല്ലതാണ്. ഭഗവാനെ കാണാനുള്ള വഴി വളരെ നന്നായി പറഞ്ഞുതരുന്നു. പക്ഷേ ഞാൻ ആരാണ്, ബാബ ആരാണ്, ഇത് അറിയില്ല. കേവലം നല്ലത് നല്ലത് എന്ന് മാത്രം പറയും. ഇവർ നാസ്തികരാക്കി മാറ്റും എന്നും ചിലർ പറയും. നിങ്ങൾക്ക് അറിയാം- ജ്ഞാനം മനസ്സിലാക്കുന്നതിനുള്ള വിവേകം ആരിലുമില്ല. നമ്മൾ ഇപ്പോൾ പൂജ്യരായി മാറുകയാണ് എന്നും നിങ്ങൾക്കറിയാം. നമ്മൾ ആരുടേയും പൂജ ചെയ്യുന്നില്ല എന്തെന്നാൽ, എല്ലാവരുടേയും പൂജ്യനായ ഉയർന്നതിലും ഉയർന്ന ഭഗവാന്റെ സന്താനമാണ് നമ്മൾ എന്ന് നമുക്കറിയാം. ബാബ തന്നെയാണ് പൂജ്യനായ പിതാശ്രീ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം - പിതാശ്രീ നമ്മെ തന്റേതാക്കി മാറ്റി പഠിപ്പിക്കുകയാണ്. ഏറ്റവും ഉയർന്നതിലും ഉയർന്ന പൂജ്യൻ ഒരാൾ മാത്രമാണ്, അവർക്കല്ലാതെ മറ്റാർക്കും പൂജ്യനാക്കി മാറ്റാൻ സാധിക്കില്ല. പൂജാരി തീർച്ചയായും പൂജാരിയാക്കിയാണ് മാറ്റുക. ലോകത്തിൽ എല്ലാവരും പൂജാരിമാരാണ്. നിങ്ങൾക്കിപ്പോൾ പൂജ്യനെ ലഭിച്ചു, അവർ നിങ്ങളെ തനിക്കുസമാനമാക്കി മാറ്റുകയാണ്. നിങ്ങളെ പൂജ ചെയ്യുന്നതിൽ നിന്നും മോചിപ്പിക്കുന്നു. തന്റെ കൂടെകൊണ്ടുപോകുന്നു. ഇത് മോശമായ ലോകമാണ്. ഇത് മൃത്യുലോകമാണ്. എപ്പോഴാണോ രാവണ രാജ്യം ആരംഭിക്കുന്നത് അപ്പോഴാണ് ഭക്തി തുടങ്ങുന്നത്. പൂജ്യനിൽ നിന്നും പൂജാരിയായി മാറുന്നു. പിന്നീട് പൂജാരിയിൽ നിന്നും പൂജ്യനാക്കി മാറ്റുന്നതിനായി ബാബക്ക് വരേണ്ടതായി വരുന്നു. ഇപ്പോൾ നിങ്ങൾ പൂജ്യദേവതകളായി മാറുകയാണ്. അതിനാൽ നിങ്ങൾ കുട്ടികൾക്ക് യുക്തി പറഞ്ഞുതന്നിട്ടുണ്ട് - ബാബയെ ഓർമ്മിക്കുന്നതിലൂടെ

നിങ്ങൾ പൂജാരിയിൽ നിന്നും പൂജ്യനായി മാറും എന്തുകൊണ്ടെന്നാൽ ബാബ സർവ്വരുടേയും പൂജ്യനാണ്. ആരാണോ അരകൽപം പൂജാരിയായി മാറുന്നത്, അവർ അരകൽപം പൂജ്യരായി മാറും. ഇതും ഡ്രാമയിലെ പാർട്ടാണ്. ഡ്രാമയുടെ ആദി-മദ്ധ്യ-അന്ത്യത്തെ ആരും അറിയുന്നില്ല. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ കുട്ടികൾക്ക് അറിയാം മാത്രമല്ല മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നുമുണ്ട്. ആദ്യമാദ്യം മുഖ്യമായ ഈ കാര്യം മനസ്സിലാക്കിക്കൊടുക്കണം- സ്വയം ആത്മാവാണ് ബിന്ദുരൂപമാണ് എന്ന് മനസ്സിലാക്കൂ. ആത്മാവിന്റെ അച്ഛൻ നിരാകാരനാണ്, ജ്ഞാനസാഗരനായ ആ ബാബ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യ ജ്ഞാനം മനസ്സിലാക്കിത്തരുന്നു. ബാബ വരുന്നത് ഒരു തവണയാണ്. ബാബയെ തിരിച്ചറിയുന്നതും ഒരു തവണയാണ്. ഒരേയൊരു തവണ സംഗമയുഗത്തിലാണ് വരുന്നത്. വന്ന് പഴയ പതിത ലോകത്തെ പാവനമാക്കി മാറ്റുന്നു. ഡ്രാമാപ്ലാൻ അനുസരിച്ച് ഇപ്പോൾ ബാബ വന്നിട്ടുണ്ട്. ഒന്നും പുതിയ കാര്യമല്ല. കല്പ-കല്പം ഇങ്ങനെതന്നെയാണ് വരുന്നത്. ഒരു സെക്കന്റ് പോലും മുന്നിലേക്കോ പിറകിലേക്കോ പോകില്ല. തീർച്ചയായും ബാബ നമ്മൾ ആത്മാക്കൾക്ക് സത്യമായ ജ്ഞാനം നൽകുകയാണ് എന്ന് നിങ്ങൾ കുട്ടികൾക്ക് ഹൃദയംകൊണ്ട് അറിയാം, പിന്നീട് കൽപത്തിനുശേഷവും ബാബക്ക് വരേണ്ടതായി വരും. ബാബയിലൂടെ ഈ സമയത്ത് എന്തെല്ലാം അറിഞ്ഞുവോ അതെല്ലാം വീണ്ടും കൽപത്തിനുശേഷവും അറിയും. ഇതും അറിയാം, ഇപ്പോൾ പഴയ ലോകത്തിന്റെ വിനാശമുണ്ടാകും പിന്നീട് നമ്മൾ സത്യയുഗത്തിൽ വന്ന് നമ്മുടെ പാർട്ട് അഭിനയിക്കും. സത്യയുഗത്തിലെ സ്വർഗ്ഗവാസിയായി മാറും. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടല്ലോ. ഓർമ്മയുണ്ടെങ്കിൽ സന്തോഷവുമുണ്ടാകും. വിദ്യാർത്ഥി ജീവിതമല്ലേ. നമ്മൾ സ്വർഗ്ഗവാസിയാകുന്നതിനായി പഠിക്കുകയാണ്. പഠിപ്പ് പൂർത്തിയാകുന്ന തുവരേക്കും ഈ സന്തോഷം സ്ഥായിയായി ഉണ്ടായിരിക്കണം. വിനാശത്തിനുള്ള സാമഗ്രികൾ എപ്പോൾ പൂർത്തിയാകുന്നുവോ അപ്പോഴേ പഠിപ്പ് പൂർത്തിയാവൂ. പിന്നീട് നിങ്ങൾക്ക് മനസ്സിലാകും- തീർച്ചയായും തീ പിടിക്കും. തയ്യാറെടുപ്പുകൾ നടക്കുന്നുണ്ടല്ലോ. പരസ്പരം എത്ര വൈരാഗ്യം ഉണ്ടാകുന്നു. നാലുപാടും ഭിന്ന ഭിന്ന പ്രകാരത്തിലുള്ള സേനകളാണ്. എല്ലാവരും യുദ്ധം ചെയ്യുന്നതിന് തയ്യാറാവുകയാണ്. യുദ്ധം ആവശ്യമാണ് എന്ന് പറയുന്ന തരത്തിൽ എന്തെങ്കിലും ഒരു കാരണവും ഉണ്ടാകും. കൽപം മുൻപത്തേതുപോലെ വിനാശം ഉണ്ടാവുകതന്നെ വേണം. നിങ്ങൾ കുട്ടികൾ കാണും. മുൻപും കുട്ടികൾ കണ്ടിട്ടുണ്ട് ഒരു തീപ്പൊരിയിൽ നിന്നും എത്ര വിലയ യുദ്ധം നടന്നു. പരസ്പരം ഭയപ്പെടുത്തുകയാണ്, ഇങ്ങനെ ചെയ്യൂ ഇല്ലെങ്കിൽ ഞങ്ങൾക്ക് ഈ ബോംബ് കൈയ്യിലെടുക്കേണ്ടതായി വരും. മരണം മുന്നിൽ വരുമ്പോൾ നിർമ്മിക്കുകയല്ലാതെ വേറെ നിവൃത്തിയില്ല. മുൻപും യുദ്ധങ്ങൾ നടന്നപ്പോൾ ബോംബുകൾ എറിഞ്ഞിരുന്നു. സംഭവിക്കേണ്ടതായിരുന്നില്ലേ. ഇപ്പോഴാണെങ്കിൽ ആയിരക്കണക്കിന് ബോംബുകളുണ്ട്.

നിങ്ങൾ കുട്ടികൾ ഇത് തീർച്ചയായും മനസ്സിലാക്കിക്കൊടുക്കണം അതായത് ഇപ്പോൾ ബാബ വന്നിരിക്കുന്നു, എല്ലാവരേയും തിരികെക്കൊണ്ടുപോകാൻ. എല്ലാവരും വിളിക്കുകയായിരുന്നു, അല്ലയോ പതിത പാവനാ വരൂ. ഈ മോശമായ ലോകത്തുനിന്നും ഞങ്ങളെ പാവനലോകത്തിലേയ്ക്ക് കൊണ്ടുപോകൂ. നിങ്ങൾ കുട്ടികൾക്കറിയാം, പാവനമായ ലോകം രണ്ടുണ്ട്- മുക്തിയും ജീവന്മുക്തിയും. എല്ലാവരുടേയും ആത്മാവ് പവിത്രമായി മാറി മുക്തിധാമത്തിലേക്ക് പോകും. ഈ ദുഃഖധാമം വിനാശമാകും, ഇതിനെ മൃത്യുലോകം എന്നാണ് പറയുന്നത്. ആദ്യം അമരലോകമായിരുന്നു പിന്നീട് ചക്രം കറങ്ങി ഇപ്പോൾ മൃത്യുലോകത്തിലെത്തി. പിന്നീട് അമരലോകത്തിന്റെ സ്ഥാപനയുണ്ടാകുന്നു. അവിടെ അകാലമൃത്യുവൊന്നും സംഭവിക്കുന്നില്ല അതിനാലാണ് അതിനെ അമരലോകം എന്ന് പറയുന്നത്. ശാസ്ത്രങ്ങളിലും ഈ വാക്കുകളുണ്ട് എന്നാൽ യഥാർത്ഥ രീതിയിൽ ആരും മനസ്സിലാക്കുന്നില്ല. ഇതും നിങ്ങൾക്കറിയാം- ഇപ്പോൾ ബാബ വന്നിട്ടുണ്ട്. മൃത്യുലോകത്തിന്റെ വിനാശം തീർച്ചയായും ഉണ്ടാകണം. ഇത് 100 ശതമാനം ഉറപ്പാണ്. ബാബ മനസ്സിലാക്കിത്തരുന്നു, യോഗബലത്തിലൂടെ തന്റെ ആത്മാവിനെ പവിത്രമാക്കി മാറ്റൂ. എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. എന്നാൽ കുട്ടികൾക്ക് ഇതുപോലും ഓർമ്മിക്കാൻ കഴിയുന്നില്ല. ബാബയിൽ നിന്ന് സമ്പത്ത് അഥവാ രാജധാനി നേടുന്നതിൽ പ്രയത്നമുണ്ടല്ലോ. എത്ര സാധിക്കുമോ അത്രയും ഓർമ്മയിൽ ഇരിക്കണം. സ്വയം നോക്കണം- എത്ര സമയം ഞാൻ ഓർമ്മയിൽ ഇരിക്കുന്നുണ്ട് അതുപോലെ എത്രപേർക്ക് ഓർമ്മ ഉണർത്തുന്നുണ്ട്? മന്മനാഭവ, ഇതിനെ മന്ത്രമെന്നു പറയാൻ കഴിയില്ല, ഇതാണ് ബാബയുടെ ഓർമ്മ. ദേഹാഭിമാനത്തെ ഉപേക്ഷിക്കണം. നിങ്ങൾ ആത്മാക്കളാണ്, ഇത് നിങ്ങളുടെ രഥമാണ്, ഇതിലൂടെ നിങ്ങൾ എത്ര ജോലി ചെയ്യുന്നു. സത്യയുഗത്തിൽ നിങ്ങൾ ദേവീ ദേവതയായി മാറി എങ്ങനെ രാജ്യം ഭരിക്കുന്നു വീണ്ടും നിങ്ങൾ ഇതേ അനുഭവം നേടും. ആ സമയത്ത് പ്രാക്ടിക്കലിൽ ആത്മാഭിമാനിയായാണ് ഇരിക്കുക. ആത്മാവ് പറയും എന്റെ ഈ ശരീരത്തിന് പ്രായമായി, ഇതുപേക്ഷിച്ച് പുതിയതെടുക്കണം. ദുഃഖത്തിന്റെ കാര്യമില്ല. ഇവിടെയാണെങ്കിൽ ശരീരം ഉപേക്ഷിക്കാതിരിക്കാൻ ഡോക്ടറുടേയും മരുന്നുകളുടേയും സഹായം തേടുന്നതിനായി എത്ര പരിശ്രമിക്കുന്നു. നിങ്ങൾ കുട്ടികൾ അസുഖം വരുമ്പോൾ പഴയ ശരീരത്താൽ മനസ്സ് മടുക്കരുത് എന്തെന്നാൽ

നിങ്ങൾക്ക് അറിയാം ഈ ശരീരത്തിൽ ഇരുന്നുതന്നെ ബാബയിൽ നിന്ന് സമ്പത്ത് നേടണം. ശിവബാബയുടെ ഓർമ്മയിലൂടെയേ പവിത്രമായി മാറൂ. ഇതാണ് പരിശ്രമം. എന്നാൽ ആദ്യം ആത്മാവിനെ അറിയണം. നിങ്ങൾക്ക് മുഖ്യമായത് ഓർമ്മയുടെ യാത്രയാണ്. ഓർമ്മയിൽ ഇരുന്ന് ഇരുന്ന് നമ്മൾ മൂലവതനത്തിൽ എത്തും. നമ്മൾ അവിടെ വസിക്കുന്നവരാണ്, അതാണ് നമ്മുടെ ശാന്തിധാമം. ശാന്തിധാമത്തേയും സുഖധാമത്തേയും അറിയുന്നതും ഓർമ്മിക്കുന്നതും നിങ്ങൾ മാത്രമാണ്. ബാക്കി ആർക്കും അറിയില്ല. ആരാണോ കല്പം മുമ്പ് ബാബയിൽ നിന്നും സമ്പത്ത് എടുത്തത്, അവരേ എടുക്കൂ.

ഓർമ്മയുടെ യാത്രയാണ് മുഖ്യം. ഭക്തിമാർഗ്ഗത്തിലെ യാത്രകൾ ഇപ്പോൾ അവസാനിക്കണം. ഭക്തിമാർഗ്ഗം തന്നെ ഇല്ലാതാകും. ഭക്തിമാർഗ്ഗം എന്താണ് എന്നത് എപ്പോൾ ജ്ഞാനം ലഭിക്കുന്നുവോ അപ്പോഴേ മനസ്സിലാകൂ. ഭക്തിയിലൂടെ ഭഗവാനെ ലഭിക്കും എന്നു കരുതുന്നു. ഭക്തിയുടെ ഫലമായി എന്താണ് നൽകുക ഒന്നും അറിയില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ബാബ കുട്ടികൾക്ക് തീർച്ചയായും സ്വർഗ്ഗത്തിലെ ചക്രവർത്തീ പദവിയായിരിക്കും സമ്പത്തായി നൽകുക. എല്ലാവർക്കും സമ്പത്ത് നൽകിയിരുന്നു, എങ്ങനെയാണോ രാജാവും റാണിയും അതുപോലെ പ്രജകളും സ്വർഗ്ഗവാസികളായിരുന്നു. ബാബ പറയുന്നു 5000 വർഷങ്ങൾക്ക് മുമ്പും നിങ്ങളെ സ്വർഗ്ഗവാസിയാക്കി മാറ്റിയിരുന്നു. ഇപ്പോൾ വീണ്ടും നിങ്ങളെ പ്രാപ്തരാക്കുന്നു. പിന്നീട് നിങ്ങൾ ഇതുപോലെ 84 ജന്മങ്ങൾ എടുക്കും. ഇത് ബുദ്ധിയിൽ ഓർമ്മവേണം, മറന്നുപോകരുത്. സൃഷ്ടിയുടെ ആദി- മദ്ധ്യ- അന്ത്യത്തിന്റെ എന്ത് ജ്ഞാനമാണോ ബാബയിലുള്ളത് അത് കുട്ടികളുടെ ബുദ്ധിയിൽ പതിയുന്നു. നമ്മൾ എങ്ങനെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്, ഇപ്പോൾ വീണ്ടും ബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ്, അനേകം തവണ ബാബയിൽ നിന്നും സമ്പത്ത് എടുത്തിട്ടുണ്ട്, ബാബ പറയുന്നു, എങ്ങനെ എടുത്തോ അതുപോലെ വീണ്ടും എടുക്കൂ. ബാബ എല്ലാവരേയും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ദൈവീകഗുണങ്ങൾ ധാരണ ചെയ്യുന്നതിനായും ജാഗ്രത നൽകിക്കൊണ്ടിരിക്കുന്നു. തന്റെ പരിശോധന നടത്തുന്നതിനായി സാക്ഷിയായി നോക്കണം ഞാൻ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുണ്ട്, ചിലർ കരുതുന്നത് ഞാൻ നന്നായി പുരുഷാർത്ഥം ചെയ്യുന്നുണ്ടെന്നാണ്. പ്രദർശിനികൾക്ക് വേണ്ട സൗകര്യം ഒരുക്കുന്നു കാരണം ഭഗവാനായ അച്ഛൻ വന്നിട്ടുണ്ട് എന്നത് എല്ലാവരും അറിയട്ടെ. പാവം മനുഷ്യർ എല്ലാവരും അന്ധകാരത്തിന്റെ നിദ്രയിലാണ്. ജ്ഞാനം ആർക്കുമില്ല അതിനാൽ ഭക്തിയാണ് ഉയർന്നത് എന്ന് കരുതുന്നു. മുമ്പ് നിങ്ങൾ ആരിലെങ്കിലും ജ്ഞാനം ഉണ്ടായിരുന്നോ? ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ജ്ഞാനസാഗരൻ ബാബ മാത്രമാണ്, ബാബ തന്നെയാണ് ഭക്തിയുടെ ഫലം നൽകുന്നത്, ആരാണോ കൂടുതൽ ഭക്തി ചെയ്തത്, അവർക്ക് കൂടുതൽ ഫലം ലഭിക്കും. അവർ തന്നെയാണ് ഉയർന്ന പദവി നേടാൻ വളരെ നന്നായി പഠിക്കുന്നത്. ഇത് എത്ര മധുര മധുരമായ കാര്യങ്ങളാണ്. പ്രായമായവർക്കുവേണ്ടി വളരെ സഹജമാക്കി മനസ്സിലാക്കിത്തരുന്നു. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഉയർന്നതിലും ഉയർന്നത് ഭഗവാൻ ശിവനാണ്. ശിവ പരമാത്മായ നമഃ എന്ന് പറയാറുണ്ട്, ബാബ പറയുന്നു, എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. അത്രമാത്രം. മറ്റൊരു ബുദ്ധിമുട്ടും നൽകുന്നില്ല. മുന്നോട്ട് പോകവേ ശിവബാബയെ ഓർമ്മിക്കുന്നതിൽ മുഴുകും. സമ്പത്ത് നേടണം, ജീവിച്ചിരിക്കെത്തന്നെ ബാബയിൽ നിന്നും സമ്പത്ത് നേടിയിട്ടേ ഇരിക്കൂ. ശിവബാബയുടെ ഓർമ്മയിൽ ശരീരം ഉപേക്ഷിക്കുന്നു, പിന്നീട് ആ സംസ്ക്കാരം കൊണ്ടുപോകുന്നു. സ്വർഗ്ഗത്തിൽ തീർച്ചയായും വരും, യോഗം എത്രയുണ്ടോ അത്രയും ഫലം ലഭിക്കും. പ്രധാനകാര്യമിതാണ്- നടക്കുമ്പോഴും, ചുറ്റിക്കറങ്ങുമ്പോഴും എത്ര സാധിക്കുമോ അത്രയും ബാബയുടെ ഓർമ്മയിൽ ഇരിക്കണം. തന്റെ ശിരസ്സിൽ നിന്നും ഭാരത്തെ ഇറക്കണം, കേവലം ഓർമ്മിച്ചാൽ മതി മറ്റൊരു ബുദ്ധിമുട്ടും ബാബ നൽകുന്നില്ല. അറിയാം, അരകൽപം കുട്ടികൾ ബുദ്ധിമുട്ടുകളാണ് കണ്ടത് അതിനാൽ നിങ്ങൾക്ക് സമ്പത്ത് എടുക്കുന്നതിനുള്ള സഹജമായ വഴി പറഞ്ഞുതരാനായി ഇപ്പോൾ വന്നിരിക്കുകയാണ്. ബാബയെ ഓർമ്മിക്കുക മാത്രം ചെയ്യൂ. മുമ്പും ഓർമ്മിച്ചിരുന്നു എന്നാൽ ജ്ഞാനം ഉണ്ടായിരുന്നില്ല, ഇപ്പോൾ ബാബ ജ്ഞാനം നൽകി അതായത്, ഈ രീതിയിൽ എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. തീർച്ചയായും ലോകത്തിൽ ഒരുപാടുപേർ ശിവഭഗവാന്റെ ഭക്തി ചെയ്യുന്നുണ്ട്, വളരെയധികം ഓർമ്മിക്കുന്നുണ്ട് എന്നാൽ തിരിച്ചറിവില്ല. ഈ സമയത്ത് ബാബ സ്വയം വന്ന് പരിചയം നൽകുന്നു, എന്നെ ഓർമ്മിക്കൂ.... ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമുക്ക് നല്ലരീതിയിൽ അറിയാം. നിങ്ങൾ പറയും ഞങ്ങൾ ബാപ്ദാദയുടെ അടുത്തേക്കാണ് പോകുന്നത്. ബാബ ഈ ഭാഗ്യശാലീ രഥത്തെ സ്വീകരിച്ചിരിക്കുന്നു, ഭഗീരഥനും പ്രശസ്തമാണ്, ഇദ്ദേഹത്തിലൂടെ ഇരുന്ന് ജ്ഞാനം കേൾപ്പിക്കുന്നു. ഇതും ഡ്രാമയിലെ പാർട്ടാണ്. കൽപ കൽപം ഈ ഭാഗ്യശാലീരഥത്തിൽ വരുന്നു. നിങ്ങൾക്കറിയാം, ആരെയാണോ ശ്യാമസുന്ദരൻ എന്ന് പറയുന്നത് അദ്ദേഹം തന്നെയാണ് ഇത്. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. മനുഷ്യർ പിന്നീട് അർജ്ജുനൻ എന്ന് പേര് വെച്ചു. ഇപ്പോൾ ബാബ യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നു- ബ്രഹ്മാവുതന്നെയാണ് വിഷ്ണു, വിഷ്ണു തന്നെ എങ്ങനെയാണ് ബ്രഹ്മാവായി മാറുന്നത്.

കുട്ടികൾക്ക് ഇപ്പോൾ മനസ്സിലായി നമ്മൾ ബ്രഹ്മാപുരിയിലേതാണ് പിന്നീട് വിഷ്ണുപുരിയിലേതായി മാറും. വിഷ്ണുപുരിയിൽ നിന്നും ബ്രഹ്മാപുരിയിലേയ്ക്ക് വരുന്നതിന് 84 ജന്മങ്ങൾ എടുക്കുന്നു. ഇതും അനേകം തവണ മനസ്സിലാക്കിത്തന്നിട്ടുണ്ട് അതാണ് നിങ്ങൾ വീണ്ടും കേൾക്കുന്നത്. അതുകൊണ്ട് ബാബ ആത്മാവിനോട് പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ,എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും, നിങ്ങൾക്ക് സന്തോഷവും ഉണ്ടാകുന്നു. ഈയൊരു അന്തിമ ജന്മത്തിൽ പവിത്രമായിരിക്കുന്നതിലൂടെ നിങ്ങൾ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. എങ്കിൽ എന്തുകൊണ്ട് പവിത്രമായിക്കൂടാ. നമ്മൾ ഒരച്ഛന്റെ കുട്ടികൾ ബ്രഹ്മാകുമാരീ കുമാരന്മാരാണ്, എന്നിട്ടും ആ പരിധിയുള്ള മനോഭാവം മാറുന്നതിന് സമയമെടുക്കുന്നു. പതുക്കെപ്പതുക്കെ അവസാനം കർമ്മാതീത അവസ്ഥ ഉണ്ടാകണം. ഈ സമയത്ത് ആരെങ്കിലും കർമ്മാതീത അവസ്ഥയിൽ എത്തുക എന്നത് അസംഭവ്യമാണ്. കർമ്മാതീത അവസ്ഥയിൽ എത്തിയാൽ പിന്നെ ഈ ശരീരം ഉണ്ടാകില്ല, ഇതിനെ ഉപേക്ഷിക്കേണ്ടതായി വരും. യുദ്ധം നടക്കണം, ഒരു ബാബയുടെ ഓർമ്മയിൽ ഇരിക്കണം, ഇതിൽ പരിശ്രമമുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സാക്ഷിയായി സ്വയം തന്നെ നോക്കണം ഞാൻ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുണ്ട്? നടക്കുമ്പോഴും, ചുറ്റിക്കറങ്ങുമ്പോഴും, കർമ്മങ്ങൾ ചെയ്യുമ്പോഴും എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്?

2) ഈ ശരീരത്തെക്കൊണ്ട് ഒരിക്കലും മടുക്കരുത്. ഈ ശരീരത്തിൽ ജീവിച്ചുകൊണ്ടുതന്നെ ബാബയിൽ നിന്നും സമ്പത്ത് നേടണം. സ്വർഗ്ഗവാസിയാകുന്നതിനായി ഈ ജീവിതത്തിൽ പൂർണ്ണമായും പഠിക്കണം.

### വരദാനം- ത്രികാലദർശിയും,സാക്ഷിദൃഷ്ടാവുമായി മാറി ഓരോ കർമ്മങ്ങൾ ചെയ്യുമ്പോഴും ബന്ധനമുക്തസ്ഥിതിയുടെ അനുഭവം ചെയ്യുന്ന ദൃഷ്ടാന്തരൂപമായി ഭവിക്കട്ടെ.

ത്രികാലദർശി സ്ഥിതിയുടെ സ്റ്റേജിൽ സ്ഥിതിചെയ്തുകൊണ്ട് കർമ്മങ്ങളുടെ ആദി-മദ്ധ്യ-അന്ത്യത്തെ അറിഞ്ഞ് കർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ ഒരു കർമ്മവും വികർമ്മമായി മാറുകയില്ല.സദാ സുകർമ്മങ്ങൾ മാത്രമേ ചെയ്യൂ.ഇങ്ങിനെയുള്ള സാക്ഷിദൃഷ്ടാവായി മാറി കർമ്മങ്ങൾ ചെയ്യുന്നതിലൂടെ ഒരു കർമ്മത്തിന്റെയും ബന്ധനത്തിൽ കുരുങ്ങിയ ആത്മാവായി മാറില്ല. കർമ്മത്തിന്റെ ഫലം ശ്രേഷ്ഠമായതു കാരണം കർമ്മസംബന്ധങ്ങളിൽ വരും പക്ഷേ ബന്ധനമുണ്ടാവില്ല.കർമ്മങ്ങൾ ചെയ്യുമ്പോഴും വേറിട്ടതും പ്രിയപ്പെട്ടതുമായി ഇരുന്നാൽ അനേകം ആത്മാക്കൾക്കുമുന്നിൽ ദൃഷ്ടാന്തരൂപം അഥവാ എക്സാമ്പിൾ ആയിത്തീരും.

### സ്ലോഗൻ-ആരാണോ സദാ മനസ്സുകൊണ്ട് സന്തുഷ്ടരായി ഇരിക്കുന്നത് അവർ തന്നെയാണ് ഡബിൾലൈറ്റ്.

**അവ്യക്തസൂചന-ആത്മസ്ഥിതിയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ,അന്തർമുഖിയായി മാറൂ...**
ഏതൊരു സമർത്ഥ സങ്കൽപവും ആത്മശക്തിയെ അഥവാ എനർജിയെ ശേഖരിക്കുകയും ഒപ്പം സമയത്തെ സഫലമാക്കുകയും ചെയ്യുന്നു.വ്യർത്ഥസങ്കൽപങ്ങൾ എനർജിയെയും, സമയത്തെയും വ്യർത്ഥമാക്കി പാഴാക്കുന്നു.അതിനാൽ ഇപ്പോൾ വ്യർത്ഥസങ്കൽപങ്ങളുടെ രചനയെ സമാപ്തമാക്കൂ.ഈ രചന തന്നെയാണ് രചയിതാവായ ആത്മാവിനെ അസ്വസ്ഥമാക്കുന്നത്.അതുകൊണ്ട് സദാ ഈ ആനന്ദത്തിൽ ഇരിക്കണം,ഞാൻ ആത്മാവ് മാസ്റ്റർ സർവ്വശക്തിവാനാണ്,സമർത്ഥ ആത്മാവാണ് ഒരിക്കലും അസ്വസ്ഥമാവില്ല.മാത്രമല്ല അനേകരുടെ അസ്വസ്ഥതകളെ ഇല്ലാതാക്കുന്നവരായി മാറുകയും ചെയ്യും.